Mathrubhumi 3-12-18, p-2

# മൃഗങ്ങളെ കിക്കാക്കുന്ന മറുല

ഷിനില മാത്തോട്ടത്തിൽ
shinilamathottathil814@gmail.com

ദക്ഷിണാഫ്രിക്കയിലെ കാടുകളിൽ കാണുന്ന മറുല പഴത്തോട് ഒരു 'പ്രത്യേകതരം' ആർത്തിയാണ് മൃഗങ്ങൾക്കൊക്കെ. വിശപ്പകറ്റാനല്ല ഇവർ ഈ പഴം കഴിക്കുന്നതെന്നുമാത്രം. നമ്മുടെ നാട്ടിലെ മാങ്ങയും ചക്കയുമൊക്കെപ്പോലെ ആഫ്രിക്കൻ കാടുകളിൽ സാധാരണയാണ് മഞ്ഞനിറത്തിലുള്ള ഈ മറുല പഴം. രുചിയെക്കാളേറെ മത്തുപിടിപ്പിക്കുന്ന സത്താണ് ഈ പഴത്തെ ഇത്രയും പ്രിയപ്പെട്ടതാക്കിയത്. ചെറുമൃഗങ്ങൾ മുതൽ ആനവരെയുള്ളവർ മറുല പഴുത്തുപാകമായി തുടങ്ങിയാൽ ഈ മരത്തെ ചുറ്റിപ്പറ്റിയൊക്കെത്തന്നെയുണ്ടാവും.

മറുല കഴിക്കാൻ കൊതിയോടെയെത്തുന്ന പന്നിക്കൂട്ടങ്ങൾക്കും കഴുതപ്പുലികൾക്കും മാനുകൾക്കും ഒട്ടകപ്പക്ഷികൾക്കുമൊക്കെ ആശ്രയം ആനകളാണ്.





കുരങ്ങൻ മുകളിൽക്കയറി പറിച്ചുതിന്നുമ്പോൾ ആന വന്ന് മരംകുലുക്കി പഴങ്ങൾ താഴെയിടും. പിന്നാലെയെത്തും ബാക്കിയുള്ളവർ. നിന്നും ഇരുന്നും കിടന്നും പഴങ്ങൾ അകത്താക്കാൻ പിന്നൊരു തിരക്കാണ്. മത്തുപിടിച്ച് കിറുങ്ങിത്തുടങ്ങിയാൽപ്പിന്നെ കിടന്നാവും പലരുടെയും തീറ്റ. ചുവട്ടിൽത്തന്നെ ഇവർ ബോധംകെട്ട് കിടക്കാറുമുണ്ട്. ജിറാഫുകളും വാലില്ലാക്കുരങ്ങുകളും പഴം കഴിക്കാനെത്താറുണ്ട്.

## പ്രസിദ്ധമായത് ഡോക്യുമെന്ററിയിലൂടെ

1974-ൽ ദക്ഷിണാഫ്രിക്കൻ സിനിമാസംവിധായകൻ ജാമി ഉയ്സ് മറുലപ്പഴത്തെക്കുറിച്ച് ഒരു ഡോക്യുമെൻററി ചെയ്തതോടെയാണ് ഇത് ലോകപ്രസിദ്ധമായത്. മറുല കഴിച്ച് തലകുത്തിമറിയുന്ന കുരങ്ങുകളെയും ആടിയുലയുന്ന ആനകളെയും കാട്ടുപന്നികളെയുമൊക്കെ ഇദ്ദേഹം വീഡിയോയിൽ ചിത്രീകരിച്ചിട്ടുണ്ട്. ആ വർഷത്തെ മികച്ച ഡോക്യുമെൻററി സിനിമയ്ക്കുള്ള ഗോൾഡൻ ഗ്ലോബ് പുരസ്കാരം അദ്ദേഹത്തെ തേടിയെത്തുകയുംചെയ്തു.

## മനുഷ്യർക്കുമുണ്ട് മറുലയിലൊരു കണ്ണ്

ലഹരിയുടെ അംശം കൂടുതലുള്ള മറുല മനുഷ്യർക്കും പ്രിയമാണ്. മറുലയുടെ സത്തുപയോഗിച്ച് അമറുല എന്ന മദ്യമുണ്ടാക്കുന്നുണ്ട്.

## പ്രത്യേകതകൾ

18 മീറ്റർവരെ ഉയരത്തിൽ വളരുന്നവയാണ് മറുല മരങ്ങൾ. മഞ്ഞനിറമാണ് പഴങ്ങൾക്ക്. സെപ്റ്റംബർ- നവംബർ വരെയുള്ള മാസങ്ങളിൽ മരങ്ങൾ പൂവിടും. ജനുവരി മുതൽ മാർച്ച് വരെയാണ് പഴങ്ങൾ പാകമാവുക.

**മറുലയെക്കുറിച്ചുള്ള ഡോക്യുമെൻററി കാണാൻ ക്യു.ആർ. കോഡ് സ്കാൻ ചെയ്യൂ**